# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5578** **18.11.2019-ൽ മറുപടിക്ക്**

## 108 ആംബുലൻസ് സർവ്വീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ഡോ.എം. കെ. മുനീർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി.എ. അഹമ്മദ് കബീർ** | | **കെ.കെ. ശൈലജ ടീച്ചർ**<br>( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 108 ആംബുലൻസ് സർവ്വീസുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നത്; വിശദമാക്കാമോ; | (എ) | മുൻകാലങ്ങളിൽ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 43 ആംബുലൻസുകളാണ് സർവീസ് നടത്തിയിരുന്നത്. 26.12.2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം.3648/2017/ആകുവ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും സൗജന്യ ആംബുലൻസ് സേവനം വ്യാപിപ്പിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയെ ഓപ്പറേറ്റിംഗ് ഏജൻസിയായി തിരഞ്ഞെടുത്തിരുന്നു. കനിവ് 108 എന്ന പേരിൽ പുതിയ ആംബുലൻസ് സർവ്വീസ് ആരംഭിച്ചതോടെ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് നേരിട്ട് നടത്തിയിരുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ആംബുലൻസ് സംവിധാനം 25/10/2019 ൽ നിർത്തലാക്കുകയും ജി.വി.കെ. ഇ.എം.ആർ.ഐ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി 100 ആംബുലൻസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലേയ്ക്കുള്ള ആംബുലൻസുകളുടെ ഉദ്ഘാടനം 21/10/2019 ൽ കണ്ണൂരിൽ നടന്നു. കനിവ് 108 എന്ന പേരിലുള്ള പുതിയ ആംബുലൻസ് സർവ്വീസ് പൂർണ്ണരൂപത്തിൽ സജ്ജമാകുമ്പോൾ സംസ്ഥാനത്ത് ആകമാനം 315 ആംബുലൻസുകൾ സർവീസിനുണ്ടാകും. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന സർവ്വീസുകൾ പലതും നിർത്തലാക്കിയത് രോഗികൾക്കും അത്യാഹിതങ്ങൾ | (ബി) | ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | സംഭവിക്കുന്നവർക്കും വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന എത്ര ആംബുലൻസുകളാണ് നിലവിൽ സർവ്വീസ് നടത്താത്തതെന്ന് അറിയിക്കുമോ; | (സി) | തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 43 ആംബുലൻസുകളാണ് സർവ്വീസ് നടത്തിയിരുന്നത്. കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചതിനെ തുടർന്ന് 25/10/2019 ൽ 43 ആംബുലൻസുകളുടെ സേവനം നിർത്തലാക്കി. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി 100 ആംബുലൻസുകളാണ് സർവ്വീസ് നടത്തുന്നത്. |
| (ഡി) | സംസ്ഥാന വ്യാപകമായി 108 ആംബുലൻസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കനിവ് 108 പദ്ധതി പ്രകാരമുള്ള ആംബുലൻസ് സർവ്വീസ് സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കുന്നത്. ഈ സർവ്വീസ് പൂർണ സജ്ജമാകുമ്പോൾ 315 ആംബുലൻസുകൾ സർവ്വീസിനുണ്ടാകും. |

**സെക്ഷൻ ഓഫീസർ**